പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1155 — 04.02.2019-ൽ മറുപടിക്ക്

ചെങ്ങന്നൂരിലെ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ചെങ്ങന്നൂർ വരട്ടാർ നദിക്ക് കുറുകെയുള്ള കൈപ്പാല കടവ് പാലം, അച്ചൻ കോവിലാറിനു കുറുകെയുളള വഴുവാടി കടവ് പാലം, ചെങ്ങന്നൂർ കുട്ടംപേരൂർ നദിക്ക് കുറുകെയുള്ള മഠത്തിൽ കടവ് പാലം എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ ; | (എ) 1. കൈപ്പാലക്കടവ് പാലം - 30 പൈലുകളിൽ 22 എണ്ണവും, 12 പൈൽക്യാപ്പുകളിൽ 3 എണ്ണവും, 12 പിയറുകളിൽ 2 എണ്ണത്തിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>2. വഴുവാടിക്കടവ് പാലം - 24 പൈലുകളിൽ 18 എണ്ണവും, 6 പൈൽ ക്യാപ്പുകളിൽ 4 എണ്ണവും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>3. മഠത്തിൽക്കടവ് പാലം - 11.80 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട് സ്ഥലമേറ്റെടുപ്പിന് ആവശ്യമായ റിക്വിസിഷനും ഭരണാനുമതി ഉത്തരവും ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം നെഗോഷ്യേറ്റ്/ ഡയറക്ട് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ പ്രത്യേക പരിഗണന നൽകുമോ എന്ന് വ്യക്തമാക്കുമോ? | (ബി) (1) കൈപ്പാലക്കടവ് പാലം - സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി അർത്ഥന സർക്കാരിലേക്ക് 19/08/2018-ൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ആയത് പരിശോധനയ്ക്ക് ശേഷം ഫ്രീ സറണ്ടർ ലാന്റ് ആരെങ്കിലും വാഗ്ദാനം ചെയ്തിട്ടുണ്ടോ എന്നറിയിക്കാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നെഗോഷ്യേറ്റഡ് പർച്ചേയ്സ്/ ഡയറക്ട് പർച്ചേയ്സ് പ്രകാരം സ്ഥലം ലഭ്യമാക്കണമെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ഇപ്പോൾ അറിയിച്ചിട്ടുണ്ട്.<br><br>(2) വഴുവാടിക്കടവ് പാലം - സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി അർത്ഥന 02/08/2018-ൽ സർക്കാരിലേക്ക് ലഭ്യമായത് പരിശോധിച്ചപ്പോൾ ഏറ്റെടുക്കേണ്ട ഭൂമിയുടെ ചില സർവ്വേ നമ്പരുകൾ ആവർത്തിക്കപ്പെട്ടിട്ടുളളതായി കണ്ടതിനാൽ ആവർത്തിക്കപ്പെട്ടവ ഒഴിവാക്കി പുതുക്കിയ |

അർത്ഥനാ പത്രം സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) മഠത്തിൽക്കടവ് പാലം - 04/09/2018-ലെ സ.ഉ(സാധാ) നം.1356/2018/പൊ.മ.വ നമ്പർ ഉത്തരവിലൂടെ ഡയറക്ട് / നെഗോഷ്യേറ്റഡ് പർച്ചേയ്സ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയതിനെ തുടർന്ന് അനന്തര നടപടികൾക്കായി അർത്ഥനാ പത്രവും ഭരണാനുമതി ഉത്തരവും ആലപ്പുഴ ജില്ല കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

S. Bindu

സെക്ഷൻ ഓഫീസർ